23380/MP1/11/WRD

# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5182 24.10.2011-ൽ മറുപടിയ്ക്ക്

## മുവാറ്റുപുഴയാറുമായി ബന്ധപ്പെട്ട ജലസേചന-കുടിവെള്ള പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.അജിത് | | ശ്രീ. പി.ജെ.ജോസഫ്<br>( ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | മുവാറ്റുപുഴയാറുമായി ബന്ധപ്പെട്ട് എത്ര ജലസേചന/കുടിവെള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 22 കുടിവെള്ള പദ്ധതികളും 24 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും ഒരു ചെക്ക് ഡാം പദ്ധതിയും ആവിഷ്ക്കരിച്ചിട്ടുണ്ട്. |
| (ബി) | ഇതിൽ എത്ര പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്; പണി പുരോഗമിക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; വ്യക്തമാക്കുമോ; | (ബി) | 19 കുടിവെള്ള പദ്ധതികൾ നിലവിലുള്ളതാണ്. കൊച്ചി നഗരത്തിനും സമീപമുള്ള പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ജെ.എൻ.എൻ.യു.ആർ.എം ശുദ്ധജലവിതരണ പദ്ധതിയുടെയും, വെളിയന്നൂരിനും, വൈക്കത്തിനും സമീപമുള്ള പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര ഗ്രാമീണ കുടിവെള്ള പദ്ധതിയുടേയും, ജെ.ഐ.സി.എ സഹായത്തോടെയുള്ള ചേർത്തല കുടിവെള്ള പദ്ധതിയുടേയും പണികൾ നടന്നുവരുന്നു. 20 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണപണികൾ പൂർത്തിയാക്കിയിട്ടുണ്ട്. പിറവം ലിഫ്റ്റ് ഇറിഗേഷൻ സ്കീം, മുളക്കുളം വടക്കേക്കര, രാമമംഗലം നം. 4, രാമമംഗലം നം. 1 എന്നീ പദ്ധതികളുടെയും പണികൾ പുരോഗമിക്കുന്നു. |

| | |
|---|---|
| (സി) മൂവാറ്റുപുഴയാറുമായി ബന്ധപ്പെട്ട് പുതിയ പദ്ധതികള്‍ എന്തെങ്കിലും പരിഗണനയിലുണ്ടോ? | (സി) കുമാരമംഗലം പഞ്ചായത്തിനു വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയും രണ്ട് തടയണകളുടെ നിര്‍മ്മാണവും പരിഗണനയിലാണ്. |

സെക്ഷന്‍ ഓഫീസര്‍